# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ശാന്തിനഗർ, തിരുവനന്തപുരം-1

**<u>അഡീഷണൽ ഡയറക്ടറുടെ നടപടി ഉത്തരവ്</u>**
(നിലവിൽ: ബി.ശ്രീകുമാർ)

വിഷയം : വ്യാവസായിക പരിശീലന വകുപ്പ് - പ്ലാനിംഗ്- ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തൽ -ഉത്തരവാകുന്നത്-സംബന്ധിച്ച്.

പരാമർശം: 31/10/14 തീയതിയിലെ ഐ2/16044/13 നമ്പരായ ട്രെയിനിംഗ് ഡയറക്ടറുടെ കത്ത്,

**<u>ഉത്തരവ് നമ്പർ: ഐ2/16044/2013 തീയതി: 15/12/2014</u>**

വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും മൂന്ന് ഘട്ടങ്ങളിലായി (2011-12, 2012-13, 2013-14) ബയോമെട്രിക് സംവിധാനം വഴി ഹാജർ രേഖപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ സ്ഥാപനങ്ങളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്, ടി സംവിധാനം ഉപയോഗിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടുള്ളതുമാണ്. എന്നാൽ പല സ്ഥാപനങ്ങളിലും ബയോമെട്രിക് സംവിധാനം ഉപയോഗിച്ചുള്ള ഹാജർ രേഖപ്പെടുത്തൽ കൃത്യമായി നടക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ എല്ലാ സ്ഥാപന മേധാവികളും ടി വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത സാഹചര്യത്തിൽ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും എല്ലാ ജീവനക്കാരും 2015 ജനുവരി 1-മുതൽ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു. സമയ ബന്ധിതവും ഫലപ്രദവുമായി ടി സംവിധാനം നടപ്പിലാക്കുന്നതിലേക്ക് എല്ലാ സ്ഥാപനമേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഈ സംവിധാനത്തിലുണ്ടാകുന്ന തകരാറുകൾ സമയബന്ധിതമായി പരിഹരിക്കേണ്ടതും, ആയത് സംബന്ധിച്ച് ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

**ഒപ്പ്**
**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

1. സ്പെഷൽ ഓഫീസർ, എസ്.റ്റി.ഐ. കഴക്കൂട്ടം.
2. ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്, കണ്ണൂർ.
3. എല്ലാ ഐ.ടി.ഐ/ആർ.ഐ.സി പ്രിൻസിപ്പാൾമാർക്കും, ട്രെയിനിംഗ് ഓഫീസർമാർക്കും.

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്(പ്ലാനിംഗ്)**

ഡി: 15/12/14